# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 440

02.12.2014 ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്കുകളുടെ സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ സർക്കാർ സെക്യൂരിറ്റികളിലേയ്ക്ക് മാറ്റുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ (സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ) 22.5% പൂർണ്ണമായും സർക്കാർ സെക്യൂരിറ്റികളിലേയ്ക്ക് മാറ്റുവാൻ റിസർവ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) റിസർവ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിസർവ് ബാങ്കിന്റെ സർക്കുലർ പ്രകാരം 2015 മാർച്ച് 31 ന് മുമ്പ് 5% വും, 2016 മാർച്ച് 31 ന് മുമ്പ് 10% വും ബാക്കിയുള്ള തുക 2017 മാർച്ച് 31 ന് മുമ്പും ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും പ്രവർത്തനത്തെ പ്രസ്തുത നടപടി എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളുടെ SLR നിരക്ക് 25% ൽ നിന്ന് 22.5% ആയി കുറച്ചത് വഴി സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപത്തിൽ കാര്യമായ കുറവുണ്ടാകും. ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ചിടത്തോളം താരതമ്യേന ചെലവ് കുറഞ്ഞ നിക്ഷേപം കൂടുതൽ വായ്പ വിതരണത്തിന് വിനിയോഗിക്കാൻ കഴിയുമെങ്കിലും, SLR ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിച്ചാൽ പലിശ നഷ്ടം സംഭവിക്കാനുള്ള സാധ്യതയുണ്ട്. ഇപ്പോൾ SLR നിക്ഷേപം ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ജില്ലാ സഹകരണ ബാങ്ക് അവരുടെ നിക്ഷേപം ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടി വരികയും ആയതിനായി സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ജില്ലാ സഹകരണ ബാങ്കുകൾ വ്യാപകമായി തുക പിൻവലിക്കുന്ന സാഹചര്യം സംജാതമാകുകയും ചെയ്യുന്നത് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാനുമിടയുണ്ട്. |

ഗവണ്മെന്റ് സെക്യൂരിറ്റികളിലെ നിക്ഷേപത്തിന് മറ്റ് രീതിയിലുള്ള SLR നിക്ഷേപത്തെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞ വരുമാനമേ ലഭിക്കുകയുള്ളൂ എന്നതിനാൽ പല ജില്ലാ സഹകരണ ബാങ്കുകൾക്കും നഷ്ടം സംഭവിക്കാൻ സാധ്യതയുണ്ട്.

(സി) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം ആകെ എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം 2014 ഒക്ടോബർ മാസം വരെ 10648.70 കോടി രൂപയാണ്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

(കോടിയിൽ)

| ബാങ്ക് | സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിച്ചത് | മറ്റ് സ്ഥാപനങ്ങളിൽ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 1431.20 | | 1431.20 |
| കൊല്ലം | 888.40 | | 888.40 |
| പത്തനംതിട്ട | 403.15 | 3.59 | 406.74 |
| ആലപ്പുഴ | 417.57 | | 417.57 |
| ഇടുക്കി | 257.95 | 57.58 | 315.53 |
| കോട്ടയം | 468.91 | 610.21 | 1079.12 |
| എറണാകുളം | 696.00 | 1262.00 | 1958.00 |
| തൃശ്ശൂർ | 746.14 | 265.87 | 1012.01 |
| പാലക്കാട് | 404.93 | 320.00 | 724.93 |
| മലപ്പുറം | 558.21 | 50.18 | 608.39 |
| കോഴിക്കോട് | 440.73 | 233.23 | 673.96 |
| കണ്ണൂർ | 606.00 | 155.00 | 761.00 |
| വയനാട് | 101.36 | 29.46 | 130.82 |
| കാസറഗോഡ് | 204.03 | 37.00 | 241.03 |
| **ആകെ** | **7624.58** | **3024.12** | **10648.70** |

| | | |
|---|---|---|
| (ഡി) | പ്രസ്തുത പ്രശ്നത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്താണ്? | (ഡി) ആർ.ബി.ഐ. സർക്കുലറിൽ ഭേദഗതി വരുത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതോടൊപ്പം ഗവണ്മെന്റ് സെക്യൂരിറ്റി നിക്ഷേപങ്ങൾക്ക് കൂടുതൽ പലിശ ലഭിക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**